ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM

DATE:21.03.2026

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലും രാജ്യത്തെ എണ്ണ വിതരണവും ഗാർഹിക എൽ.പി.ജി. വിതരണവും സാധാരണ നിലയിലെന്ന് കേന്ദ്രസർക്കാർ.
2. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കാനിരിക്കെ കേരളത്തിൽ മൂന്നു മുന്നണികളിലെയും ഒട്ടേറെ പ്രമുഖർ പത്രിക സമർപ്പിച്ചു.
3. സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ മറ്റന്നാൾ വരെ അവസരം.
4. ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട കേസിൽ പ്രതി സന്ദീപിന് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ച് കൊല്ലം അഡിഷണൽ സെഷൻസ് കോടതി.
5. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
6. ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് പഞ്ചാബ് എഫ്സിയെ നേരിടും.

****************************************

RNU TVPM

## എൽ.പി.ജി. വിതരണം

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലും രാജ്യത്തെ എണ്ണ വിതരണവും ഗാർഹിക എൽ.പി.ജി. വിതരണവും സാധാരണ നിലയിലാണെന്ന് കേന്ദ്രസർക്കാർ. എൽ.പി.ജി. പ്രതിദിന ബുക്കിങ് 89 ലക്ഷം വരെയായിരുന്നത് 55 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞദിവസങ്ങളിൽ 13,700 പുതിയ പി.എൻ.ജി. കണക്ഷനുകൾ നൽകി. എൽ.പി.ജി.യിൽ നിന്ന് 7,300 പേർ പി.എൻ.ജി.യിലേക്ക് മാറിയിട്ടുണ്ടെന്നും പെട്രോളിയം വകുപ്പ് ജോയിന്റ് സെക്രട്ടറി സുജാതാ ശർമ പറഞ്ഞു. സിലിൻഡറുകളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാൻ കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലായി 4,500 റെയ്ഡുകൾ നടത്തി.

****************************

## രത്തൻ യു കേൽക്കർ

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദൃശ്യ-സമൂഹമാധ്യമങ്ങളിൽ നൽകുന്ന രാഷ്ട്രീയ പരസ്യങ്ങളുടെ സാക്ഷ്യപ്പെടുത്തൽ, പെയ്ഡ് വാർത്തകളുടെ നിരീക്ഷണം എന്നിവ സംസ്ഥാന തലത്തിൽ അഡീഷണൽ സി.ഇ.ഒ. അധ്യക്ഷനായ നാലംഗ കമ്മിറ്റി നിർവഹിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

****************************

## പത്രിക സമർപ്പിക്കാനുള്ള സമയപരിധി

ഏപ്രിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ നാമനിർദ്ദേശ പത്രിക

RNU TVPM

സമർപ്പിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും. 24 നാണ് സൂക്ഷ്മ പരിശോധന. 26 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

****************************

## തിരുവനന്തപുരം പത്രിക

തിരുവനന്തപുരം നേമം നിയമസഭാ മണ്ഡലത്തിൽ എൽഡിഎഫ് സ്ഥാനാർത്ഥി വി ശിവൻ കുട്ടി നാമനിർദേശ പത്രിക സമർപ്പിച്ചു. വട്ടിയൂർക്കാവിൽ യുഡിഎഫ് സ്ഥാനാർത്ഥി കെ മുരളീധരനും കഴക്കുട്ടത്ത് എൻഡിഎ സ്ഥാനാർത്ഥി വി. മുരളീധരനും നാമനിർദേശ പത്രിക സമർപ്പിച്ചു. ചിറയിൻകീഴ് നിയമസഭാ മണ്ഡലം യു ഡി എഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസും നാമനിർദേശ പത്രിക നൽകി.

RNU TVPM

****************************

## സുധീർ കരമന

നിയമസഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ ഇടതുമുന്നണിയുടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി സുധീർ കരമനയെ പ്രഖ്യാപിച്ചു.

****************************

## കണ്ണൂർ - പത്രിക

കണ്ണൂർ പേരാവൂർ മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി കെ കെ ശൈലജ പത്രിക സമർപ്പിച്ചു. കണ്ണൂർ നിയോജകമണ്ഡലം എൻ.ഡി.എ സ്ഥാനാർത്ഥി സി രഘുനാഥ് ഇന്ന് വൈകിട്ട് മൂന്ന് മണിക്ക് പത്രിക സമർപ്പിക്കും. പേരാവൂർ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി സണ്ണി ജോസഫും ഇന്ന് പത്രിക നൽകും.

****************************

## കോഴിക്കോട് - പത്രിക

കോഴിക്കോട് ബേപ്പൂർ മണ്ഡലം LDF സ്ഥാനാർഥി പി എ മുഹമ്മദ് റിയാസ് പത്രിക സമർപ്പിച്ചു. പേരാമ്പ്ര മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി ടി പി രാമകൃഷ്ണൻ പത്രിക നൽകി. കോഴിക്കോട് നോർത്ത് UDF സ്ഥാനാർഥി കെ. ജയന്ത് അല്പം മുൻപ് പത്രിക നൽകി. കൊയിലാണ്ടിയിൽ UDFനായി - കെ.പ്രവീൺ കുമാർ, കുന്ദമംഗലത്ത് യുഡിഎഫ് സ്ഥാനാർത്ഥി എം എ റസാഖ് എന്നിവരും ഇന്ന് പത്രിക നൽകും. എൻഡിഎക്കായി പേരാമ്പ്രയിൽ എം മോഹനൻ, കുറ്റിയാടിയിൽ രാമദാസ് മണലേരി എന്നിവരും ഇന്ന് പത്രിക സമർപ്പിക്കും.

****************************

## മലമ്പുഴ നിയോജകമണ്ഡലം (ഇൻട്രോ)

RNU TVPM

പാലക്കാട് ജില്ലയിൽ ശ്രദ്ധേയമായ മത്സരം നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ ഒന്നാണ് മലമ്പുഴ. മൂന്ന് മുന്നണി സ്ഥാനാർത്ഥികളും സജീവമായതോടെ മണ്ഡലത്തിലെ പ്രചാരണം അതിന്റെ ഉച്ചസ്ഥായിയിൽ ആയിരിക്കുകയാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

****************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

****************************

**എസ് ഐ ആർ – സംസ്ഥാനം**

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ മറ്റന്നാൾ വരെ സമയം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

****************************

**കാസർഗോഡ് – ബിഎൽ ഒ**

ഇന്ന് രാവിലെ വീട്ടിൽ നിന്നും കാണാതാവുകയും പിന്നീട് മൊഗ്രാൽ പുഴക്കടവത്ത് അവശനിലയിൽ കാണപ്പെടുകയും ചെയ്ത BLO മരിച്ചു. മൊഗ്രാൽ പുത്തൂർ സ്വദേശിയും ചെർക്കള സർക്കാർ ഹയർ സെക്കണ്ടറി സ്ക്കൂളിലെ അധ്യാപകനുമായ സവാദാണ് മരിച്ചത്. 32 വയസായിരുന്നു.

RNU TVPM

****************************

**ഡോ. വന്ദന ദാസ്**

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദനാദാസ് കൊല്ലപ്പെട്ട കേസിൽ പ്രതി കുടവട്ടൂർ സ്വദേശിയും അധ്യാപകനുമായ സന്ദീപിന് ജീവപര്യന്തം ശിക്ഷ. വിവിധ കുറ്റങ്ങൾക്കായി ആകെ 30 വർഷം തടവ് ശിക്ഷയാണ് കോടതി വിധിച്ചത്. ഒരു ലക്ഷം രൂപ പിഴയും അടക്കണം. കൊല്ലം അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷവിധിച്ചത്. പ്രതിക്ക് കടുത്ത ശിക്ഷ വാങ്ങി നൽകുന്നതിനായി

നിയമപോരാട്ടം തുടരുമെന്നും, ഹൈക്കോടതിയിൽ അപ്പീൽ നൽകുമെന്നും വന്ദനയുടെ മാതാപിതാക്കൾ പ്രതികരിച്ചു.

****************************

താപനില (ഇൻട്രോ)

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

വിശദാംശങ്ങളിലേക്ക്........

*(വോയിസ്)*

*പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയങ്ങളിലാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. ഈ സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക്കണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് നിർദേശം നൽകി. അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

****************************

ശബരിമല

RNU TVPM

ഉത്സവപൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. മറ്റന്നാളാണ് കൊടിയേറ്റ്. അന്നേ ദിവസം ഉച്ചപ്പൂജയ്ക്കുശേഷം നടക്കുന്ന ഉത്സവബലിയും അത്താഴപ്പൂജ കഴിഞ്ഞുള്ള ശ്രീഭൂതബലിയുമാണ് പ്രധാന ചടങ്ങുകൾ. 31-നാണ് പള്ളിവേട്ട.

****************************

## ഓൾഡ് ഹാർബർ പാലം

കൊച്ചിൻ പോർട്ട് അതോറിറ്റിയിൽ നിന്നും ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റിയിലേക്കുള്ള ജലസേചന പൈപ്പ് കണക്ഷന്റെ ഭാഗമായി നാളെ ഓൾഡ് ഹാർബർ പാലം അടച്ചിടും. രാവിലെ 8 മുതൽ വൈകിട്ട് 6 വരെ പാലം വഴിയുള്ള ഗതാഗതവും നിരോധിച്ചിട്ടുണ്ട്.

****************************

## ഐഎസ്എൽ ഫുട്ബോൾ

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് പഞ്ചാബ് എഫ്സിയെ നേരിടും. കൊച്ചിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിത്തിൽ വൈകിട്ട് 7:30 ക്കാണ് മത്സരം.

****************************

## ലക്ഷദ്വീപ് - ചെറിയ പെരുന്നാൾ

ലക്ഷദ്വീപിൽ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. രാവിലെ ഖത്തീബ് മുഹമ്മദ് സഖാഫിയുടെ നേതൃത്വത്തിൽ കവരത്തി ജുമാ മസ്ജിദിൽ പെരുന്നാൾ നിസ്ക്കാരം നടന്നു. ലോക സമാധാനത്തിനായി പ്രാത്ഥിക്കണമെന്നും ഭാരതത്തിന്റെ അഖണ്ഡതയ്ക്കായി നിലകൊള്ളണമെന്നും അദ്ദേഹം വിശ്വാസികളെ ആഹ്വാനം ചെയ്തു.

****************************

RNU TVPM

## നീണ്ടകര ബോട്ട് മുങ്ങി

കൊല്ലം നീണ്ടകരയിൽ മത്സ്യബന്ധന ബോട്ട് മുങ്ങി. ബോട്ടിൽ ഉണ്ടായിരുന്ന ഏഴ് തൊഴിലാളികളെ ഇതര ബോട്ടുകളിലെ തൊഴിലാളികൾ ചേർന്ന് രക്ഷപ്പെടുത്തി. ബോട്ട് കെട്ടി വലിച്ചുകൊണ്ടുവരാൻ ശ്രമിച്ചെങ്കിലും വെള്ളം കയറി ചരിഞ്ഞതോടെ ശ്രമം ഉപേക്ഷിച്ചു.

****************************

## മലക്കുട ഉത്സവം

ദുര്യോധന ക്ഷേത്രമായ കൊല്ലം പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രത്തിൽ മലക്കുട ഉത്സവത്തിന് കൊടിയേറി. ഈ മാസം 27നാണ് മലക്കുട മഹോത്സവം. നാളെ വൈകിട്ട് മലക്കുടസമ്മേളനം മുൻ അംബാസഡർ ടി. പി. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യും. മലയപ്പൂപ്പൻ പുരസ്കാരം ശ്രീകുമാരൻതമ്പിക്ക് സമ്മാനിക്കും.

RNUTVPM

****************************

## കഞ്ചാവ് പിടികൂടി

കൊല്ലം കാവനാട് 16 കിലോയിൽ അധികം കഞ്ചാവുമായി യുവാവ് എക്സൈസിന്റെ പിടിയിലായി. കല്ലുവാതുക്കൽ നടക്കൽ സ്വദേശി അരുണൻ ആണ് പിടിയിലായത്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വലിയ അളവിൽ കഞ്ചാവ് എത്തിച്ച് വില്പനനടത്തുന്ന സംഘത്തിലെ പ്രധാനിയാണ് അരുണൻ എന്ന് എക്സൈസ് പറഞ്ഞു.

****************************

## കൽപ്പറ്റ - ജീപ്പ് മറിഞ്ഞു

കൽപ്പറ്റ എടഗുനിയിൽ ജീപ്പ് നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവ് മരിച്ചു. തരിയോട് പത്താംമൈയിൽ കാരക്കൽ ജിനീഷാണ് മരിച്ചത്. ഇന്നലെ രാത്രി എട്ടരയോടെയാണ് ജിനീഷ് ഓടിച്ച ജീപ്പ് അപകടത്തിൽപ്പെട്ടത്. ഉടൻതന്നെ ആദ്യം കൽപ്പറ്റയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുന്ന വഴിമധ്യേ മരണപ്പെട്ടു.

****************************

## വയനാട് - കാട്ടുപോത്ത്

വയനാട് വാഴവറ്റ ഊരപ്പാക്കുന്നിൽ ജനവാസ മേഖലയിൽ കാട്ടുപോത്ത്. ഭീതിയിലായി പ്രദേശവാസികൾ. വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി നടപടികൾ തുടങ്ങി. കാട്ടുപോത്ത് വാഴവറ്റ മലങ്കര ഭാഗത്തെ എസ്റ്റേറ്റിലേക്ക് കയറിയതായി നാട്ടുകാർ പറഞ്ഞു. മുൻപും വാഴവറ്റ ടൗണിന് സമീപവും പരിസരങ്ങളിലും ഭീഷണിയായി കാട്ടുപോത്ത് സാന്നിദ്ധ്യമുണ്ടായിരുന്നു.

RNU TVPM

****************************

## വന ദിനം

ഇന്ന് അന്താരാഷ്ട്ര വനദിനം. നമ്മുടെ ജീവിതത്തിൽ വനങ്ങളുടെയും, വനപ്രദേശങ്ങളുടെയും, മരങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനാണ് മാർച്ച് 21 ലോകമെമ്പാടും അന്താരാഷ്ട്ര വനദിനമായി ആചരിക്കുന്നത്. 2012 നവംബർ 28നാണ് ഐക്യരാഷ്ട്രസഭാ പൊതുസമ്മേളനം മാർച്ച് 21 അന്താരാഷ്ട്ര വനദിനമായി പ്രഖ്യാപിച്ചത്. വനവും സമ്പദ് വ്യവസ്ഥയും എന്നതാണ് ഈ വർഷത്തെ പ്രമേയം.

*

****************

**************************************

RNU TVPM